ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

No.Ex.IV/1/12189/2011

തീയതി: 06.12.2012

# സർക്കുലർ

വിഷയം : രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷ, മാർച്ച് 2013 – പ്രസിദ്ധീകരിച്ച യോഗ്യതാലിസ്റ്റിൽ ഇല്ലാത്ത വിദ്യാർത്ഥികളുടെ പരീക്ഷാ രജിസ്ട്രേഷൻ – സംബന്ധിച്ച്.

സൂചന : പരീക്ഷാവിജ്ഞാപനം നം. ഇ.എക്സ്. II/1/13858/എച്ച്.എസ്.ഇ./2012, തീയതി 19.11.2012.

സൂചന പ്രകാരം സ്കീം I / II – ൽ രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ യോഗ്യതയുള്ള വിദ്യാർത്ഥികളുടെ സ്കൂൾ തിരിച്ചുള്ള ലിസ്റ്റ് ഹയർസെക്കന്ററി പോർട്ടൽ വഴി ലഭ്യമാക്കിയിരുന്നു. എന്നാൽ സ്കീം I/II വിഭാഗത്തിൽപ്പെടുന്ന, പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ യോഗ്യതയുള്ള, ചില വിദ്യാർത്ഥികളുടെ പേരു വിവരങ്ങൾ പ്രസ്തുത ലിസ്റ്റിൽ ലഭ്യമല്ല എന്ന് ചില പ്രിൻസിപ്പൽമാർ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇത്തരം വിദ്യാർത്ഥികളുടെ അപേക്ഷ സ്കൂളിൽ സ്വീകരിക്കേണ്ടതും അപേക്ഷകളുടെ പകർപ്പ് മുൻ മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് സഹിതം പ്രിൻസിപ്പൽമാർ പരീക്ഷാവിഭാഗം ജോയിന്റ് ഡയറക്ടറുടെ പേർക്ക് അയച്ചു തരേണ്ടതുമാണ്. ഇപ്രകാരം അയക്കുന്ന അപേക്ഷകൾ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ യോഗ്യത നേടിയവരുടേതാണ് എന്ന് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ്. അയക്കുന്നതിനുമുമ്പായി ഇവരുടെ പേരു വിവരങ്ങൾ പോർട്ടലിൽ ലഭ്യമല്ല എന്ന് ഒന്നുകൂടി ഉറപ്പുവരുത്തേണ്ടതുമാണ്.

സെക്രട്ടറി
**ബോർഡ് ഓഫ് ഹയർസെക്കന്ററി എക്സാമിനേഷൻസ്**
**കേരള**

പകർപ്പ് :

1. ജില്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും
2. CA to JD
3. AD I & II / DD I & II
4. EX. II, V, VI, VII, VIII Sections.